**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **28-07-2021 - ൽ മറുപടിയ്ക്ക്**

**യുവതി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ പറമ്പന്തള്ളി ആനേടത്ത് വീട്ടിൽ ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതി (26 വയസ്സ്) 06.01.2020 ന് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ജി 200302612/സി.എം.ഒ. തീയതി 19.03.2020 നമ്പരായി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുള്ള പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതിയുടെ ദുരൂഹമരണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ജി 200302612/ സി.എം.ഒ. തീയതി 19.03.2020 നമ്പർ പ്രകാരം ലഭിച്ച പരാതി തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ജില്ലാ ക്രൈംബ്രാഞ്ച് DySP യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരികയായിരുന്നു. അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 15/20 U/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത ടി കേസ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ് . നിലവിൽ ടി കേസ് ക്രൈം നമ്പർ 84/CB/TSR/2020 ആയി റീനമ്പർ ചെയ്ത് ക്രൈംബ്രാഞ്ച് തുടർ അന്വേഷണം നടത്തിവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച അന്വേഷണ പുരോഗതിയുടെ വിശദാംശങ്ങൾ നൽകാമോ? | (ബി) | ടി കേസിലേയ്ക്ക് സാക്ഷിമൊഴികൾ രേഖപ്പെടുത്തിയും സംഭവസ്ഥലം പരിശോധിച്ചും മരണകാരണം വ്യക്ത മാകുന്നതിന് എക്സ്പേർട്ട് മെഡിക്കൽ പാനൽ പരിശോധന നടത്തുന്നതിനും കേസിൽ പ്രതിയായി സംശയിക്കപ്പെടുന്ന മരണപ്പെട്ട ശ്രുതിയുടെ ഭർത്താവ് ഉൾപ്പെടെയുള്ള ബന്ധുക്കളെ പോളീഗ്രാഫ് ടെസ്റ്റിന് വിധേയരാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി കേസ് ക്രൈം ബ്രാഞ്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ